പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം :*333 | 13.12. 2018 ൽ മറുപടിക്ക്

## കേന്ദ്ര വൈദ്യുതി ഭേദഗതി ബിൽ 2018

ചോദ്യം

ശ്രീ.കെ.രാജൻ

"ചിറ്റയം ഗോപകുമാർ

"ഇ.ടി.ടൈസൺ മാസ്റ്റർ

ശ്രീമതി.സി.കെ.ആശ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സാമൂഹ്യ ക്ഷേമത്തിൽ നിന്നും വൈദ്യുതിയെ വാണിജ്യ വസ്തുവായി മാറ്റി ലാഭം നേടുക എന്നതാണ് കേന്ദ്ര വൈദ്യുതി (ഭേദഗതി) ബിൽ 2018 നിയമഭേദഗതിയിലൂടെ കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നതെന്ന് അഭിപ്രായമുണ്ടോ; | (എ) 2003ൽ നിലവിൽവന്ന ഇലക്ട്രിസിറ്റി ആക്ട്, 2003 തന്നെ വൈദ്യുതിയെ സാമൂഹികക്ഷേമ ഉത്തരവാദിത്തം എന്ന നിലയിൽ നിന്നും വാണിജ്യവസ്തു എന്ന നിലയിലേക്ക് മാറ്റാൻ ഇടയാക്കിയിരുന്നു. എന്നാൽ ഇപ്പോൾ കേന്ദ്ര സർക്കാർ പുറത്തിറക്കിയിട്ടുള്ള വൈദ്യുതി ഭേദഗതി നിയമത്തിന്റെ കരട് നിർദ്ദേശങ്ങൾ രാജ്യത്തിലെ വൈദ്യുതി വിതരണ രംഗത്ത് മുതൽമുടക്കില്ലാതെ സ്വകാര്യ മേഖലക്ക് കടന്നുവരാൻ ഇടയാക്കുമെന്നു കരുതുന്നു. സ്വകാര്യ സംരംഭകരുടെ കൈവശമുള്ള വൈദ്യുതിയോടൊപ്പം KSEB Ltdപോലുള്ള പൊതുമേഖലാ സംരംഭങ്ങളുടെ ചുമതലയിലുള്ള പദ്ധതികളിൽനിന്നുമുള്ള വൈദ്യുതിയും ഉൾപ്പെടെ നിലവിലുള്ള വിതരണ സംവിധാനത്തിലൂടെ ഉപഭോക്താക്കൾക്ക് വിൽക്കുക എന്ന ലാഭ സാധ്യത ഏറെയുള്ള സപ്ലൈ വ്യവസായത്തിലേക്ക് മാത്രമായി സ്വകാര്യ സംരംഭകർ കടന്നുവരുന്നതിനു ഭേദഗതി നിർദ്ദേശങ്ങൾ ഇടയാക്കും. |
| (ബി) സപ്ലൈ ലൈസൻസി വഴി വൈദ്യുതി വില്ക്കുമ്പോൾ ഗാർഹിക-കാർഷിക-വ്യാവസായിക വിഭാഗങ്ങൾക്ക് ഇപ്പോൾ നല്കിവരുന്ന ക്രോസ് സബ്സിഡി വെട്ടിച്ചുരുക്കുന്നത് ദുർബല വിഭാഗങ്ങളെ ദോഷകരമായി ബാധിക്കുമോ എന്ന് വ്യക്തമാക്കുമോ; | (ബി) സാധ്യതയുണ്ട്. നിലവിൽ വാണിജ്യ-വ്യാവസായിക ഉപഭോക്താക്കൾ ഉൾപ്പെടെ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽനിന്നു ലഭിക്കുന്ന അധികവരുമാനം (ക്രോസ് സബ്സിഡി) ഗാർഹിക ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള ചെറുകിട ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാൻ സഹായിക്കുന്നുണ്ട്. നിർദ്ദിഷ്ട നിയമഭേദഗതി പ്രാവർത്തികമാക്കിയാൽ പ്രസ്തുത ക്രോസ് സബ്സിഡി സമ്പ്രദായം നിർത്തലാക്കേണ്ടി വരുമെന്നതിനാൽ ചെറുകിട ഉപഭോക്താക്കളുടെ വൈദ്യുതിനിരക്കിൽ വർദ്ധന ഉണ്ടാകാനിടയുണ്ട്. ക്രോസ് സബ്സിഡിക്ക് പകരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ഉപഭോക്താക്കൾക്ക് സർക്കാർ സബ്സിഡി ബാങ്ക് അക്കൗണ്ടിലൂടെ നേരിട്ട് നൽകുന്ന ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ സ്കീം ആണ്. എല്ലാ ഉപഭോക്താക്കൾക്കും ഒരേ നിരക്കിൽ വൈദ്യുതി നൽകുകയും, ദുർബലവിഭാഗത്തിൽ പെട്ടവർക്കുള്ള സബ്സിഡി സംസ്ഥാന സർക്കാർ നേരിട്ട് അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ക്രോസ് സബ്സിഡി സംവിധാനം ഇല്ലാതാകുന്ന സാഹചര്യത്തിൽ ഇപ്പോഴുള്ള നിരക്കിൽ എല്ലാവർക്കും വൈദ്യുതി വിതരണം ചെയ്യണം എന്നുണ്ടെങ്കിൽ |

| | |
|---|---|
| | സർക്കാരിന്റെ നേരിട്ടുള്ള സബ്സിഡി ബാധ്യത 2000 കോടി രൂപയിൽ കവിയും. നിലവിലെ സാഹചര്യത്തിൽ ഇത്രയും തുക ബജറ്റിൽ വകയിരുത്തുക പ്രായോഗികമാവില്ല. അങ്ങനെവരുമ്പോൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗത്തിനു സമീപഭാവിയിൽത്തന്നെ വൈദ്യുതി അപ്രാപ്യമാകുന്ന സ്ഥിതി സംജാതമാകും. |
| (സി) വൈദ്യുതി വിതരണ മേഖ-ലയെ സ്വകാര്യ മേഖലയുടെ കരങ്ങളിൽ എത്തിക്കുന്നതിന് പ്രസ്തുത വൈദ്യുതി ബില്ലിൽ വ്യവസ്ഥയുണ്ടോ; വ്യക്തമാ-ക്കുമോ? | (സി) കേന്ദ്ര സർക്കാർ പുറത്തിറക്കിയിട്ടുള്ള വൈദ്യുതി ഭേദഗതി നിയമത്തിന്റെ കരട് നിർദ്ദേശങ്ങൾ, വിശിഷ്യ വൈദ്യുത വിതരണ മേഖലയെ മൂന്നായി വിഭജിക്കുന്നത്, രാജ്യത്തിലെ വൈദ്യുതി വിതരണ രംഗത്ത് മുതൽമുടക്കില്ലാതെ സ്വകാര്യ മേഖലക്ക് കടന്നുവരാൻ ഇടയാക്കുമെന്നു കരുതുന്നു. പൊതുമേഖലാ സംരംഭങ്ങളുടെ ചുമതലയിലുള്ള പദ്ധതികളിൽനിന്നുമുള്ള വൈദ്യുതിയും ഉൾപ്പെടെ നിലവിലുള്ള വിതരണ സംവിധാനത്തിലൂടെ ഉപഭോക്താക്കൾക്ക് വിൽക്കുക എന്ന ലാഭ സാധ്യത ഏറെയുള്ള സപ്ലൈ വ്യവസായത്തിലേക്ക് മാത്രമായി സ്വകാര്യ സംരംഭകർ കടന്നുവരുന്നതിനു ഭേദഗതി നിർദ്ദേശങ്ങൾ ഇടയാക്കും. |

സെക്ഷൻ ഓഫീസർ